സി.ഇ.ഇ./1150/പി.ജി.എൻ–2019/റ്റി.എ.3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## എം.എസ്.സി നേഴ്സിംഗ് കോഴ്സിലേയ്ക്കുള്ള പ്രവേശനം –2019

## അപേക്ഷകർക്ക് അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്യുന്നതിനും പ്രൊഫൈൽ പരിശോധിക്കാനുള്ള അവസരം

2019-20 അധ്യയന വർഷത്തെ എം.എസ്.സി നഴ്സിംഗ് കോഴ്സ് പ്രവേശന പരീക്ഷ 10.08.2019 ന് നടത്തുന്നതാണ്. പ്രവേശന പരീക്ഷയ്ക്കായി അപേക്ഷ സമർപ്പിച്ച യോഗ്യരായ വിദ്യാർത്ഥികൾക്ക് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും പരീക്ഷയ്ക്കുള്ള അഡ്മിറ്റ് കാർഡ് **01.08.2019** മുതൽ ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. അഡ്മിറ്റ് കാർഡില്ലാതെ പരീക്ഷയ്ക്ക് ഹാജരാകുന്ന വിദ്യാർത്ഥികളെ യാതൊരു കാരണവശാലും പരീക്ഷയെഴുതാൻ അനുവദിക്കുന്നതല്ല. അഡ്മിറ്റ് കാർഡ് വിദ്യാർത്ഥികൾക്ക് മേൽവെബ്സൈറ്റിലെ ഹോം പേജിൽ ആപ്ലിക്കേഷൻ നമ്പർ, പാസ്വേഡ് എന്നിവ നൽകി അവരവരുടെ 'candidate portal' ൽ log in ചെയ്ത് ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. അഡ്മിറ്റ് കാർഡ് ഡൗൺലോഡ് ചെയ്ത് എടുക്കുന്നതിനായി ഫോട്ടോ, ഒപ്പ്, ഫീസ് എന്നിവ നിർബന്ധമാണ്.

പ്രവേശനത്തിനായി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് അവർ അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങൾ പരിശോധിക്കുന്നതിനും മേൽ വെബ്സൈറ്റിൽ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷകർക്ക് അവരുടെ പേര്, ജനന തീയതി, നേറ്റിവിറ്റി, സാമുദായിക സംവരണം,ഫീസ്, ഫോട്ടോ, ഒപ്പ് തുടങ്ങിയ വിവരങ്ങൾ പരിശോധിച്ച് അപാകതകൾ ഉണ്ടെങ്കിൽ **'മെമ്മോ'** ക്ലിക്ക് ചെയ്ത് ആവശ്യമുള്ള രേഖകൾ അപ്‌ലോഡ് ചെയ്തുകൊണ്ട് അവ പരിഹരിക്കാൻ അവസരമുണ്ട്. ഇതിനായുള്ള അവസരം **05.08.2019** വൈകുന്നേരം **4.00** മണി വരെ ലഭ്യമാകുന്നതാണ്. ന്യൂനതകൾ പരിഹരിക്കുന്നതിനായി നേരിട്ടോ, ഇ–മെയിൽ മുഖേനയോ, തപാൽ മുഖേനയോ ലഭിക്കുന്ന ഡോക്കുമെന്റുകളോ പരാതികളോ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. വിശദമായ വിജ്ഞാപനത്തിനായി www.cee.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**Helpline numbers: 0471 - 2339101, 2339102, 2339103, 2339104.**

തിരുവനന്തപുരം
01.08.2019

**പ്രവേശന പരീക്ഷാ കമ്മീഷണർക്ക് വേണ്ടി**